1997	2182 മെ. ടൺ
1998	853 മെ. ടൺ
1999	1284 മെ. ടൺ

ഇറക്കുമതി

1996	4408 മെ. ടൺ
1997	9427 മെ. ടൺ
1998	13595 മെ. ടൺ
1999	14605.697 മെ. ടൺ

കാപ്പെക്സ് സംസ്ഥാനകത്തുനിന്നും സംഭരിച്ചത്

1996	190.138 മെ. ടൺ
1997	907.793 മെ. ടൺ
1998	1309.09 മെ. ടൺ
1999	2075 മെ. ടൺ

ഇറക്കുമതി

1998	1500 മെ. ടൺ
1999	1430 മെ. ടൺ

(ഇ) കശുവണ്ടി വികസന കോർപ്പറേഷൻ. 1995-ൽ കമ്പനിക്ക് 13 ദിവസം ജോലി പ്രദാനം ചെയ്യാനേ കഴിഞ്ഞിരുന്നുള്ളു. എന്നാൽ 1996-ൽ 18 ദിവസവും 1997-ൽ 60 ദിവസവും, 1998-ൽ 80 ദിവസവും 1999-ൽ നവംബർ 30 വരെ 123 ദിവസവും ജോലി നൽകാൻ കഴിഞ്ഞിട്ടുണ്ട്. 1994-95 സാമ്പത്തിക വർഷം കമ്പനിയുടെ നഷ്ടം 2163.24 ലക്ഷമായിരുന്നത് 1998-99 ൽ 178 ലക്ഷമായി കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനും 21.99 കോടി ചെലവു പ്രതീക്ഷിക്കുന്ന ഒരു സമഗ്രപദ്ധതി തയ്യാറാക്കി അത് നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്. കൂടാതെ കശുമാവ് കൃഷി വ്യാപിപ്പിച്ച് തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി ലഭ്യമാക്കുന്ന തരിശുഭൂമിയിൽ കശുമാവ്കൃഷി ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളും കോർപ്പറേഷൻ കൈക്കൊണ്ടിട്ടുണ്ട്.

കാപ്പെക്സ്

1996-ൽ തൊഴിലാളികൾക്ക് 40 ദിവസവും 97-ൽ 81 ദിവസവും 98-ൽ 40 ദിവസവും 1999-ൽ 117 ദിവസവും ജോലി നൽകിയിട്ടുണ്ട്. കാപ്പെക്സിന്റെ നവീകരണപ്രവർത്തനങ്ങൾക്കായുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

66 (622) കാപ്പെക്സ് എം.ഡി.യുടെ യാത്രപ്പടി

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. നാലകത്ത് സൂപ്പി :

ശ്രീ. കെ.പി.എ. മജീദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും, സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) 1996-98 കാലയളവിൽ കാപ്പെക്സിന്റെ മാനേജിംഗ് ഡയറക്ടർ ഹെഡ് ക്വാർട്ടേഴ്സായി കാണിച്ചിട്ടുള്ള സ്ഥലമേതെന്നും, യഥാർത്ഥത്തിൽ അദ്ദേഹം താമസിച്ച മേൽവിലാസം ഏതെന്നും അറിയുമോ; എങ്കിൽ വ്യക്തമാക്കുമോ?

(ബി) മാനേജിംഗ് ഡയറക്ടർ 96-98 കാലയളവിൽ ഔദ്യോഗിക വാഹനവും സർക്കാർ ധനവും ദുർവിനിയോഗം ചെയ്തതു സംബന്ധിച്ച അന്വേഷണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കാപ്പെക്സ് ഹെഡ് ഓഫീസ് സ്ഥിതി ചെയ്യുന്ന കൊല്ലം ആണ് ഹെഡ് ക്വാർട്ടേഴ്സായി കാണിച്ചിട്ടുള്ളത്. ഈ കാലയളവിൽ അദ്ദേഹം വാടകയ്ക്ക് താമസിച്ച മേൽവിലാസം ഇ.എഫ്. 116 ഗ്രൗണ്ട് ഫ്ളോർ, പണ്ഡിറ്റ് കോളനി, നന്തൻകോട്, തിരുവനന്തപുരം എന്നാണ്.

(ബി) അന്വേഷണം പൂർത്തിയായിട്ടില്ല.

67 (623) 'ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരുടെ ഒഴിവുകൾ

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരായും വർക്കർമാരായും താൽക്കാലികാടിസ്ഥാനത്തിൽ എത്ര പേർ ജോലി ചെയ്തു വരുന്നു;

(ബി) ഇവർ എത്ര വർഷമായി ഡിപ്പാർട്ടുമെന്റിൽ സേവനം അനുഷ്ഠിച്ചു വരുന്നുണ്ട്;

(സി) ഇപ്പോൾ ചെയ്തു വരുന്ന ജോലിക്ക് ആവശ്യമായ ട്രെയിനിംഗ് നൽകിയിട്ടുണ്ടോ;

(ഡി) ഇപ്പോൾ സംസ്ഥാനത്ത് ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ വർക്കർമാർ എന്നിവരുടെ എത്ര ഒഴിവുകളുണ്ട്;

(ഇ) താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ളവരും ഇപ്പോൾ സർവ്വീസിൽ ജോലി നോക്കിവരുന്നതുമായ സൂപ്പർവൈസർമാർ, വർക്കർമാർ എന്നിവരെ സ്ഥിരപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ജി) ഈ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിൽ 147 ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തു വരുന്നു. താത്ക്കാലിക അംഗൻവാടി വർക്കർമാരെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly